# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മാർച്ച് 10, വെള്ളി

**നമ്പർ 53**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

[മുഖ്യമന്ത്രി തലേദിവസം സഭയിൽ നടത്തിയ പരാമർശം പിൻവലിക്കണമെന്നും ഇക്കാര്യത്തിൽ സ്പീക്കറുടെ റൂളിംഗ് വേണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം പ്രതിപക്ഷാംഗങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷ നേതാവ് അറിയിച്ചു]

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

ചാലക്കുടി റിവർ ഡൈവർഷൻ സ്കീം ശരിയായി പ്രവർത്തിക്കാത്തതിനാൽ എറണാകുളം, തൃശ്ശൂർ ജില്ലകളിൽ അനുഭവപ്പെടുന്നതായി പറയപ്പെടുന്ന ജലക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ബി. ഡി. ദേവസ്സി ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 441/2017(i).

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ അംഗങ്ങൾ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഒ.ആർ. കേളു | കൈവശഭൂമിക്ക് പട്ടയം നൽകുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ദാസൻ | കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി.ടി.എ. റഹീം | ഹൃദ്രോഗ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് അമിതവില ഈടാക്കൽ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുല്ലക്കര രത്നാകരൻ | കോട്ടുക്കലിൽ സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കുന്നത് | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. സ്വരാജ് | ഹൈസ്കൂൾ തലം വരെ ഇംഗ്ലീഷ് ഭാഷാവിഷയമായി പരിഗണിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

സബ്ജക്ട് കമ്മിറ്റി IX-ന്റെ 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം :

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2. <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിയുള്ള പ്രമേയം</u> :

(i) ശ്രീ. ഡി.കെ. മുരളി 2016-ലെ കേരള ഹോട്ടലുകളുടെയും റസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ശ്രീ. എ. പ്രദീപ്കുമാർ പ്രമേയത്തെ പിന്താങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. ചർച്ചയും ഭക്ഷ്യവും പൊതുവിതരണവും വകുപ്പുമന്ത്രിയുടെ മറുപടിയും ശേഷം പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(ii) ശ്രീ. പുരുഷൻ കടലുണ്ടി 2016- ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനതുഭാഷയും സംസ്കാരവും സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ശ്രീ. ആർ. രാജേഷ് പ്രമേയത്തെ പിൻതാങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iii) ശ്രീ. എ. പ്രദീപ്കുമാർ 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ശ്രീ. കെ. ദാസൻ പ്രമേയത്തെ പിൻതാങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

[കാര്യവിവര പട്ടികയിലെ 4 (2) ( ii), 4 (2) (iii) എന്നീ ഇനങ്ങളിൽ കാണിച്ചിരുന്ന അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിയുള്ള പ്രമേയങ്ങൾ അവതരിപ്പിക്കേണ്ട അംഗങ്ങളായ ശ്രീ. പി. ടി. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നിവർ സഭയിൽ ഹാജരല്ലാതിരുന്നതിനാൽ പ്രസ്തുത പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ]

3. <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച</u>

(i) ശ്രീ. ആർ. രാജേഷ് 2016-ലെ കേരള ശുദ്ധജലാവകാശ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു.

ചർച്ചയും ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിയുശേഷം, പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(ii) ശ്രീ. എം. സ്വരാജ് 2016- ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണപ്രവർത്തന നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

2017 മാർച്ച് 13-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.30- ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fourth Session**

# BULLETIN—PART I

(Brief Record of Proceedings)

*Friday March 10, 2017*

**No. 53**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

[The Members belonging to Opposition raised slogans and tried to disrupt the question hour demanding withdrawal of the statement made by the Chief Minister on the previous day and Ruling from the Chair in this regard. After the reply by the Chief Minister, the Leader of Opposition announced boycott of the rest of the business, by the Members belonging to the opposition.]

*Questions* :

Three questions in the list of questions posted for the day were answered orally.

*Calling Attention* :

Shri B. D. Devassy called the attention of the Minister for Water Resources to the necessity to solve the scarcity of water reportedly being experienced in Ernakulam and Thrissur Districts due to the improper functioning of Chalakudy River Diversion Scheme. The Minister made a statement thereto.

KNPP. 441/2017(ii).

*The matters raised by Members Under Rule 304* :

The matters raised by Members in the House under Rule 304 are listed below :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഒ. ആർ. കേളു | കൈവശഭൂമിക്ക് പട്ടയം നൽകുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ദാസൻ | കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. ടി. എ. റഹിം | ഹൃദ്രോഗ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് അമിതവില ഈടാക്കൽ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുല്ലക്കര രത്നാകരൻ | കോട്ടുക്കലിൽ സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കുന്നത് | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. സ്വരാജ് | ഹൈസ്കൂൾ തലം വരെ ഇംഗ്ലീഷ് ഭാഷാവിഷയമായി പരിഗണിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Report* :

The Report of the Subject Committee IX on the Kerala State Commission for Minorities (Amendment) Bill, 2017 was presented.

*Private Members' Business* :

1. The Fifth Report of the Committee on Private Members' Bills and Resolutions was adopted by the House.

2. *Motion for Leave to introduce the following Bills* :

(i) Shri D. K. Murali moved the motion for leave to introduce the Kerala Hotels and Restaurants' (Maintaining of Standards and Control of Quality and

Price of Food and Beverages) Bill 2016 given notice of by him. Shri A. Pradeepkumar seconded the motion. Since the bill was opposed the mover was allowed to make a brief statement. After the discussion and reply by the Minister for Food and Civil Supplies, the motion was withdrawn by the leave of the House.

(ii) Shri Purushan Kadalundy moved the motion for leave to introduce the Kerala Scheduled Tribes Indigenous Language and Culture Protection Bill, 2016 given notice of by him. Shri R. Rajesh seconded the motion. Since the motion was opposed, the mover was permitted to make a brief statement. The statement was inconclusive.

(iii) Shri A. Pradeepkumar moved the motion for leave to introduce the Kerala Preservation, Maintenance and Construction of Play Grounds Bill, 2016 given notice of by him. Shri K. Dasan seconded the motion. Since the motion was opposed, the mover was permitted to make a brief statement. The Statement was inconclusive.

The motion for leave to introduce the bills mentioned in the list of business as item 4 (2) (ii) and 4 (2) (iii) were not moved since Shri P. T. Thomas and Prof. Abid Hussain Thangal who had given notice were not present in the House.

(3) *Motion for leave to introduce the following Bills (Continuation of Discussion).*

(i) Shri R. Rajesh resumed the statement on the motion for leave to introduce the Kerala Right to Pure Water Bill, 2016 given notice of by him. The statement was inconclusive.

(ii) Shri M. Swaraj resumed the statement on the motion for leave to introduce the Kerala Restriction of Construction Activities near Bird and Animal Sanctuaries Bill, 2016. The statement was inconclusive.

The House adjourned at 12.30 p.m. to meet again 8.30 a.m. on Monday, March 13, 2017.

V. K. BABU PRAKASH,
*Secretary.*